(ഡി) ചന്തയുടെ കാര്യത്തിൽ എത്രയുംവേഗം ഒരു തീരുമാനം എടുക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) കൊറനാട് പഞ്ചായത്തിൽപ്പെട്ട കുമ്പളന്താനം കവല യിലും വെള്ളായിൽ ചാലപ്പുള്ളി എന്നീ സ്ഥലങ്ങളിലും ഓരോ പബ്ലിക്ക മാർക്കറ്റ് അനുവദിച്ചു കിട്ടുന്നതിനുവേണ്ടി നിവേദനങ്ങൾ ലഭിച്ചി ട്ടുണ്ട്.

(ബി) പോയിരുന്നു.

(സി) ചന്ത അനുവദിക്കുന്നതിന് അനുകൂലമായും, പ്രതികൂല മായും നിരവധി അപേക്ഷകൾ ലഭിച്ചുകൊണ്ടിരുന്നതിനാൽ അവസാ നമായി ഒരു ഉത്തരവ് പാസ്സാക്കുവാൻ കാലതാമസം നേരിട്ടിട്ടുള്ളതാണ്.

(ഡി) നടപടികൾ എടുത്തുവരുന്നുണ്ട്.

ഇരവിപേരൂർ കോവാപ്പറേറീവ് ഡയറിഫാം

159. [30] ശ്രീ. എം. എം മത്തായി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരവിപേരൂർ കോവാപ്പറേറീവ് ഡയറിഫാമിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് സർക്കാരിന് കരുതുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംഘത്തേയും അതിന്റെ പ്രവർത്ത നങ്ങളെയും പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തു നടപടികൾ നടത്തിയിട്ടുണ്ട് ;

(സി) സാമ്പത്തിക വിഷമതകൾകൊണ്ട് അതിന്റെ പ്രവർത്ത നങ്ങൾക്ക് മുടക്കം നേരിടുന്നുണ്ടോ ;

(ഡി) ഒരു വാനം, ഒരു ക്ലിംഗ് പ്ലാന്റ് ഇല്ലാത്തതുമൂലം വെണ്ണയും, പാലും സൂക്ഷിക്കുന്നതിനും വിറ്റഴിക്കുന്നതിനും പ്രയാസങ്ങൾ നേരിടുന്നതായറിയാമോ ;

(ഇ) ഈ മുടക്കം പരിഹരിക്കാൻ വല്ല സഹായവും നൽകാൻ സർക്കാരുദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത സംഘത്തിന് എന്തു സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത് ;

(ജി) വല്ല സഹായവും നൽകാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ എത്രയുംവേഗം അതു ചെയ്തുകൊടുക്കുമോ ;

(എച്ച്) സഹകരണസംഘത്തിന്റെ അതിർത്തിയിൽപ്പെട്ട സ്ഥല ങ്ങൾ ഒരു Key Village ആയി തിരഞ്ഞെടുക്കാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) ഇരവിപേരൂർ കോവാപ്പറേറീവ് ഡയറിഫാമിന്റെ പ്രവർത്തനം സാമാന്യം തൃപ്തികരമാണ്.

(ബി) ഗോസംരക്ഷണവകുപ്പിൽനിന്നും 'മ' ഇനത്തിൽ ഒരു പിത്തുപോത്തിനെ സംഘത്തിന് കൊടുക്കുവാൻ ഉത്തരവായിട്ടുണ്ട് തിന്റെ തീറ്റിക്കൂലിക്കുംമരുമായി വർഷത്തേയ്ക്ക് 150 രൂപ ഗ്രാന്റ്

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചിട്ടുണ്ട്. കൂടാതെ കോയിപ്പുറം N. E. S. Block-ൽ കന്നുകാലികൾക്ക് കൃത്രിമ ബീജാൽപ്പാദനം നടത്തുവാനുള്ള സൗകര്യം സംഘത്തിനു വിനിയോഗിക്കാവുന്നതാണ്. സംഘത്തെ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി വേണ്ട പ്രോത്സാഹനം നൽകുവാനുദ്ദേശിക്കുന്നുണ്ട്.

(സി) സാമ്പത്തിക വിഷമതകൾകൊണ്ട് സംഘത്തിന്റെ പ്രവർത്തനത്തിനു മുടക്കം ഉണ്ടായിരിക്കാം.

(ഡി) ക്ഷീരവും, ക്ഷീരോൽപ്പന്നങ്ങളും കേടുവരാതെ വിതരണം ചെയ്യുന്നതിലേയ്ക്ക് ഒരു വാൻ ആവശ്യമായിരിക്കാം. എന്നാൽ ഫാമിൽ ഒരു ദിവസം ശരാശരി 3000 റാത്തൽ പാൽവിതം കൈകാര്യം ചെയ്യാവുന്ന പ്രതനത്തിലും ഐസ്ക്രീം, ശീതളപാനീയം മുതലായ പദാർത്ഥങ്ങൾ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിലും മാത്രമേ ക്ലീനിംഗ് പ്ലാൻറ് ആവശ്യമായി വരികയുള്ളൂ.

(ഇ) സംഘത്തിനു മാറ്റ ക്ഷീരവ്യവസായ സംഘങ്ങൾക്കു നൽകുന്നതുപോലെ ഗ്രാൻറ് നൽകിയിട്ടുണ്ട്. മേലിലും അത്യാവശ്യമായ സഹായങ്ങൾ നൽകുന്ന കാര്യം ആലോചിക്കുന്നതാണ്.

(എഫ്) സംഘത്തിൽനിന്നും ഇതു സംബന്ധിച്ച് നിവേദനം കിട്ടിയിട്ടുണ്ട്. അതു പരിഗണനയിലിരിക്കുന്നു.

(ജി) ആലോചിച്ചു വേണ്ടതു ചെയ്യാം.

(എച്ച്) ആലോചിക്കാം.

## Labourers in Industrial Concerns.

160 [33] SHRI T. T. DANIEL: Will the Minister for Industries be pleased to state:

(*a*) the total number of labourers working in the various industrial concerns owned by the Government; the number in each concern be given separately;

(*b*) the daily wage of the labourers working in the above concerns;

(*c*) is there any industrial concern owned by Government where the minimum wages have not been fixed?

*Answer*

(*a*) 2170

| | |
|---|---|
| Travancore Plywood Industries. | 135 |
| Travancore Rubber Works. | 146 |
| Ceramic Factory. | 401 |
| Travancore Minerals Concerns | 1488 * |

*(including labourers working regularly under contractors)

LIBRARY ARCHIVES Kerala Legislative Assembly